പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ : 5129

24.10.2011- ൽ മറുപടിക്ക്

## പി.എം.ഐ നൽകുന്നതിലെ അപാകത

| ചോദ്യം<br><br>ശ്രീ.പി തിലോത്തമൻ | ഉത്തരം<br><br>ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കയർ പ്രൈമറി സംഘങ്ങൾക്ക് നൽകിവരുന്ന പി.എം.ഐ, കയർ ഉത്പാദിപ്പിച്ച് കയർഫെഡിന് നൽകിയാൽ മാത്രമേ ലഭിക്കുന്നുള്ളൂ എന്ന കാര്യം ശ്രദ്ധിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇത് കയർഫെഡിന് മാത്രം നൽകുന്നത് പി.എം.ഐ റൂളിന് വിരുദ്ധമാണെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; കയർഫെഡിലും കയർമാറ്റ്സ് ആന്റ് മാറ്റിംഗ് സംഘങ്ങൾക്കും നൽകുന്ന ഉത്പന്നങ്ങൾക്കും പി. എം. ഐ നൽകുന്നതിന് നടപടി കൈക്കൊള്ളുമോ; | (ബി) നയപരമായ തീരുമാനം ആവശ്യമായതിനാൽ, ചർച്ച നടത്തി ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |
| (സി) നിലവിൽ കയർഫെഡിന് നൽകുന്ന ഉത്പന്നങ്ങൾക്കുമാത്രം പി. എം. ഐ നൽകുന്നതുമൂലം പ്രൈമറി സംഘങ്ങൾക്ക് ഉണ്ടാകുന്ന നഷ്ടം കണക്കാക്കി യിട്ടുണ്ടോ; | (സി) ഇല്ല. |
| (ഡി) കയർ മേഖലയിലെ കൂലി വർദ്ധനവ് അടക്കമുള്ള വിഷയങ്ങൾ സംബന്ധിച്ച് ബഹു. കയർ വകുപ്പ് മന്ത്രി കൂടി പങ്കെടുത്ത 2011 ആഗസ്റ്റ് 7-ലെ യോഗ തീരുമാനം | (ഡി) ഉല്പന്ന മേഖലയിലെ പ്രധാന ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് തൊഴിലാളികൾക്ക് കുറഞ്ഞത് 285 രൂപ കൂലി ഉറപ്പാക്കി. |

| | |
|---|---|
| നടപ്പിലാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നു വെളിപ്പെടുത്താമോ; | |
| (ഇ) പ്രസ്തുത തീരുമാനം നടപ്പിലാക്കാത്ത കയറ്റുമതിക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ എന്നു വ്യക്തമാക്കാമോ ? | (ഇ)ഇക്കാര്യത്തിൽ തൊഴിൽ വകുപ്പാണ് തുടർ നടപടി സ്വീകരിക്കേണ്ടത് . |

സെക്ഷൻ ഓഫീസർ